**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1321** **15-10-2026-ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി ഉൾപ്പെടെയുള്ള വില്ലേജ് ഓഫീസുകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തത് മൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളിൽ വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി ഉൾപ്പെടെയുള്ള വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ അഭാവം മൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളിൽ, കാലതാമസം ഉണ്ടാകുന്നതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** ഉണ്ടെങ്കിൽ ഓരോ വില്ലേജ് ഓഫീസിലും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കോഴിക്കോട് താലൂക്കിൽ ബേപ്പൂർ മണ്ഡലത്തിനു കീഴിൽ ഉൾപ്പെട്ടുവരുന്ന കരുവൻതുരുത്തി വില്ലേജിൽ ഒരു വില്ലേജ് അസിസ്റ്റന്റിന്റെയും, കടലുണ്ടി വില്ലേജിൽ വില്ലേജ് അസിസ്റ്റന്റിന്റെയും, വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെയും ഓരോ തസ്തികകൾ വീതവും നിലവിൽ ഒഴിഞ്ഞുകിടപ്പുണ്ട്. ആയതിൽ വില്ലേജ് അസിസ്റ്റന്റിന്റെ നിലവിലെ ഒഴിവിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്.

**(സി)** പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് അറിയിക്കുമോ?

**മറുപടി:** ലാൻഡ് റവന്യൂ കമ്മീഷണറുടെ 11.09.2026 ലെ LR/1349/2026/LR(E4) നമ്പർ പ്രകാരമുള്ള സീനിയർ ക്ലർക്ക്/എസ്.വി.ഒ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നടപടിക്രമം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 405/2025, OA 1057/2025 എന്നിവയിലെ 14.09.2026 ലെ പൊതു ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ ക്ലർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക്/എസ്.വി.ഒ തസ്തികയിലേക്ക് ജീവനക്കാർക്ക് നിയമനം നൽകുന്നതിനും, അപ്രകാരം ക്ലർക്ക് തസ്തികയിൽ സൃഷ്ടിക്കപ്പെട്ട ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും സാധിച്ചിട്ടില്ലാത്തതാണ്. കോടതിയുടെ സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**